LIBRARY ARCHIVES Kerala Legislative Assembly

വന്യജീവി സംരക്ഷണ നടപടികൾ

149 (455) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സംരക്ഷിത മേഖലകളിൽ വികസന സംരക്ഷണ പ്രവർത്തനങ്ങളും ദൈനംദിന പ്രവർത്തനങ്ങളും വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. അടിസ്ഥാന സൗകര്യങ്ങളായ ആന്റിപോച്ചിംഗ് ക്യാമ്പ് ഷെഡ്കുകൾ എന്നിവയുടെ നിർമ്മാണവും, പരിപാലനവും, വാഹനങ്ങൾ, ആയുധങ്ങൾ, വാർത്താ വിനിമയ സൗകര്യങ്ങൾ, വയർലസ് സെറ്റുകൾ, സോളാർ വേലികളുടെ നിർമ്മാണം, കരിങ്കൽ ഭിത്തി നിർമ്മാണം, ആനകളുടെ ആക്രമണത്തിൽനിന്ന് കൃഷിഭൂമി സംരക്ഷിക്കുന്നതിനായി ട്രഞ്ചുകളുടെ നിർമ്മാണം, വന്യമൃഗ ആക്രമണത്തിനു വിധേയരായവർക്കുള്ള നഷ്ടപരിഹാരം, ആവാസ വ്യവസ്ഥകളുടെ പരിപാലനം, കുളം, തടയണകൾ എന്നിവയുടെ നിർമ്മാണം, അധിനിവേശ കളകളുടെ നിർമ്മാർജ്ജനം എന്നിവയും, പ്രകൃതി പഠന ക്യാമ്പുകൾ, സൂചനാ ബോർഡുകൾ സ്ഥാപിക്കൽ, ലഘുലേഖകളുടെ അച്ചടിയും വിതരണവും, വന്യമൃഗങ്ങളെ സംബന്ധിച്ച അറിവ് നൽകുന്ന ഇൻഫർമേഷൻ സെന്ററുകളുടെ പ്രവർത്തനം, വനവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആളുകൾക്ക് ജീവനോപാധികൾ മെച്ചപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ, വന്യജീവികളുടെ കണക്കെടുപ്പ് എന്നിവയാണ് മേൽ പരാമർശിച്ചിട്ടുള്ള പരിപാടികളിൽ നടത്തിവരുന്നത്. സംരക്ഷിത മേഖലകളല്ലാത്ത വനപ്രദേശങ്ങളിലും, വനസംരക്ഷണത്തിന്റെയും, വന പരിപാലനത്തിന്റെയും ഭാഗമായി വന്യജീവി സംരക്ഷണം ഉറപ്പാക്കുന്നു.

(ബി) സംസ്ഥാനത്ത് വംശ നാശഭീഷണി നേരിടുന്ന വന്യജീവികൾ ഏതൊക്കെയാണെന്ന് പഠനം നടത്തി കണ്ടെത്തിയിട്ടുണ്ടോ ?

സംസ്ഥാനത്ത് വംശനാശ ഭീഷണി നേരിടുന്ന വന്യജ്യവികളെകുറിച്ച് വനം വകുപ്പ് പഠനം നടത്തിയിട്ടില്ല. അന്താരാഷ്ട്രതലത്തിൽ IUCN എന്ന സംഘടനയാണ് വംശനാശഭീഷണി നേരിടുന്ന ജീവികളുടെ Red List തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. ഇതനുസരിച്ച് കേരളത്തിൽ കാണുന്ന ഏഷ്യൻ ആന, കടുവ,

LIBRARY ARCHIVES Kerala Legislative Assembly

വരയാട്, സിംഹവാലൻ കുരങ്ങ്, കാട്ടുപട്ടി, ഈനാംപേച്ചി, മലബാർ വെരുക്, കാട്ടുചുണ്ടെലി, കാട്ടുനച്ചെലി, സിലോൺ നച്ചെലി, നെല്ലെലി തുടങ്ങിയ ഇനം സസ്തനികൾ, ചൂട്ടിക്കഴുകൻ, ഇന്ത്യൻ കഴുകൻ, കാതില്ലാക്കഴുകൻ എന്നീ പക്ഷികൾ, 3 ഇനം ഉരഗങ്ങൾ, 11 ഇനം ഉഭയജീവികൾ 9 ഇനം മത്സ്യങ്ങൾ എന്നിവ വംശനാശ ഭീഷണി നേരിടുന്നുണ്ട്. അവയിൽ മലബാർ വെരുക്, ചൂട്ടിക്കഴുകൻ, ഇന്ത്യൻ കഴുകൻ, കാതില്ലാക്കഴുകൻ, സിസ്റ്റാറ്റ ഡേ ജെക്കോ എന്ന ഇനം പല്ലി, 11 ഓളം ഇനം തവളകൾ 9 ഇനം മത്സ്യങ്ങൾ എന്നിവ അതീവ വംശനാശഭീഷണി നേരിടുന്നു.

(സി) വന്യജീവി സംരക്ഷണത്തിനായി വനത്തിനുള്ളിൽ സ്വാഭാവിക ജലസ്രോതസ്സ് സംരക്ഷിച്ചും തടയണകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിക്കും. വന്യജീവി സംരക്ഷണത്തിനായി വനത്തിനുള്ളിൽ സ്വാഭാവിക ജല സ്രോതസ്സ് സംരക്ഷിച്ചും തടയണകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പ് വരുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞ ലോക വനദിനമായ മാർച്ച് 21- നോട് അനുബന്ധിച്ച് നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ വനങ്ങളിൽ 300-ൽപ്പരം ബ്രഷ് വുഡ് ചെക്ക്ഡാമുകൾ സ്റ്റാഫിന്റെയും, വാച്ചർമാരുടെയും, പരിസരവാസികളുടെയും സന്നദ്ധ സേവനത്തിലൂടെ നിർമ്മിച്ചിട്ടുണ്ട്.

(ഡി) വന്യമൃഗങ്ങളെ വേട്ടയാടുന്നത് തടയുന്നതിന് വനാതിർത്തിയോട് ചേർന്ന് താമസിക്കുന്ന ജനങ്ങളുടെ സഹകരണം ഉറപ്പ് വരുത്തുമോ?

ഉറപ്പ് വരുത്തും. പങ്കാളിത്ത വനപരിപാലനം, വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ, ജന ജാഗ്രതാ സമിതികൾ എന്നിവയിലൂടെ ജനങ്ങളുടെ സഹകരണം ഉറപ്പ് വരുത്താവുന്നതാണ്.

കൃഷിനാശത്തിന് നഷ്ടപരിഹാരം

150(456) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾമൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് സർക്കാർ നഷ്ടപരിഹാരം നൽകുന്നുണ്ടോ?

വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിന് സർക്കാർ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.